"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 128/2010 നമ്പർ കേസ് - 09/11/2024-ൽ സംഘടിപ്പിച്ച ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുകയിൽ ബാക്കി നൽകുവാനുള്ള തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1415/2025/LSGD തീയതി, തിരുവനന്തപുരം, 06-06-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2024-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം. 1410/2024/തസ്വഭവ, തീയതി 01/08/2024.
3. സ.ഉ.(സാധാ)നം. 655/2025/തസ്വഭവ, തീയതി 10/03/2025.
4. സ.ഉ.(സാധാ)നം. 4066/2025/ധന, തീയതി 05/05/2025.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് 09/11/2024-ൽ സംഘടപ്പിച്ച ലോക് അദാലത്തിൽ, തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 128/10 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക 48,57,440/- രൂപയ്ക്ക് ഒത്തു തീർപ്പായിട്ടുള്ളതും മേൽ പരാമർശിച്ച എൽ.എ.ആർ. കേസിൽ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 47,21,190/- രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ടെന്നും ആയതിനാൽ അദാലത്തിൽ ഒത്തുതീർപ്പായ തുകയുടെ ബാക്കി തുകയായ 1,36,250/- (ഒരു ലക്ഷത്തി മുപ്പത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 128/2010 നമ്പർ കേസിലെ, 09/11/2024-ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 48,57,440/- രൂപയിൽ നിന്നും പരാമർശം (2) പ്രകാരം അനുവദിച്ച 47,21,190/- രൂപ കിഴിച്ച് ബാക്കി തുകയായ 1,36,250/- (ഒരു ലക്ഷത്തി മുപ്പത്തി ആറായരിത്തി ഇരുന്നൂറ്റി അൻപത്) രൂപ ടി കേസിലെ കക്ഷിയായ ശ്രീ.എൻ. വേലായുധൻ പിള്ളയ്ക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 1,37,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.128/10 നമ്പർ കേസിൽ, 09/11/2024-ൽ ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് നടന്ന അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുകയിൽ ബാക്കി നൽകുവാനുള്ള 1,36,250/- (ഒരു ലക്ഷത്തി മുപ്പത്തി ആറായരിത്തി ഇരുന്നൂറ്റി അൻപത്) രൂപ ടി കേസിലെ കക്ഷിയായ ശ്രീ.എൻ. വേലായുധൻ പിള്ളയ്ക്ക് അനുവദിക്കുന്നതിന് 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. വേലായുധനപിള്ള, റ്റി.സി.38/512, ചൂരക്കാട്ടുപാളയം, തിരുവനന്തപുരം(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/70/2025/FIN. dated 14/05/2025).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/367/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 06-06-2025 17:09:52
സെക്ഷൻ ഓഫീസർ